സ്ഥലത്ത് പണി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗം ഗവൺമെന്റ് ആലോചിക്കണം. ഇതിനെ സംബന്ധിച്ചിടത്തോളം മലയാളി സംഘടനകളും ഇന്ന് ശക്തമായി പ്രക്ഷോഭത്തിലാണ്. ഈ സ്ഥിതി അപമാനമായി മാറിയിരിക്കുകയാണ്. കേരളാ ഹൗസിന്റെ പണി സംസ്ഥാന സർക്കാർ അടിയന്തിരമായി പൂർത്തിയാക്കുമെന്നു പറഞ്ഞു. ഇങ്ങനെ പൊതു സ്വത്ത് നശിപ്പിക്കുന്ന രീതിയിൽ, കോവളം കൊട്ടാരമൊക്കെ ഇവിടെ വിവാദമായിരിക്കുന്നു. ബോംബെയിൽ പോകുന്ന ജനപ്രതിനിധികൾക്കോ വ്യവസായികൾക്കോ മറ്റാളുകൾക്കോ താമസിക്കാനുള്ള സംവിധാനമില്ല. അതുകൊണ്ട് 6 കോടി രൂപ മുടക്കിയ, ഇപ്പോൾ സാമൂഹ്യവിരുദ്ധൻമാരുടെ കയ്യിൽ ആയിരിക്കുന്ന ഈ സ്ഥലം നിയമസഭാ സമിതി സന്ദർശിച്ച് അവിടുത്തെ സ്ഥിതി ബോധ്യപ്പെടാനെങ്കിലും തയ്യാറാകണമെന്നഭ്യർത്ഥിക്കുകയാണ്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ മുൻകൈയെടുത്താൽ മാത്രമേ എന്തെങ്കിലും നടക്കുകയുള്ളൂ. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിന്റെ പണി പൂർത്തിയാക്കി ഇത് സംസ്ഥാന സർക്കാരിന്റെ അധീനതയിൽ കൊണ്ടുവന്ന് കേരളാഹൗസ് ഞങ്ങൾക്ക് ഗുണകരമാക്കാൻവേണ്ടി, ബോംബെ നിവാസികളായ മലയാളികൾക്ക് ഗുണകരമാക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ബോംബെയിൽ കേരള സർക്കാർ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുകയാണ്. 2000 ചതുരശ്രയടി സ്ഥലം Mumbai City and Industrial Development Corporation of Maharashtra Ltd.-ൽ നിന്നും 90 വർഷത്തേയ്ക്ക് പാട്ടത്തിനാണ് എടുത്തത്. അവിടെ 727 ലക്ഷം രൂപ മതിപ്പ് ചെലവിൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കാൻ 1998 സെപ്റ്റംബറിൽ ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി. നാളിതുവരെ നിർമ്മാണ പ്രവർത്തനത്തിനായി 162 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ലീസ് പ്രീമിയം വക 1,29,89,500 രൂപയും വസ്തു കരം വകയിൽ 15,58,847 രൂപയുമായി നാളിതുവരെ മൊത്തം 1,45,48,347 രൂപ മുംബൈ സിറ്റിയിൽ Mumbai City and Industrial Development Corporation of Maharashtra-ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ മുതൽമുടക്കിൽ ഇത്രയും ബൃഹത്തായ പദ്ധതി പൂർത്തീകരിക്കുകയെന്നുള്ളത് സാമ്പത്തികമായി സർക്കാരിന്റെ ഞെരുക്കം കാരണം സാധ്യമല്ല എന്ന് ബോധ്യമായതിനാൽ ഈ പദ്ധതി പൂർത്തീകരിക്കാനായി ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്. ഇതിനാവശ്യമായ സ്വകാര്യ പങ്കാളിയെ കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഐ.സി.ഐ.സി.ഐ., കിൻഫ്രാ തുടങ്ങിയ സ്ഥാപനങ്ങളെ ഈ ചുമതല ഏൽപ്പിച്ചു കഴിഞ്ഞു. ഇതിനെ സംബന്ധിച്ചുള്ള കരട് രേഖകൾ ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(6) തോപ്പിൽ വീട്ടിൽ പുഷ്കിന്റെ സംശയകരമായ മരണം

ശ്രീ. ഷിബു ബേബി ജോൺ: എന്റെ നിയോജക മണ്ഡലത്തിലെ മൽസ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട പഠിക്കാൻ സമർത്ഥനായ ഒരു കുട്ടി തൃത്തുക്കുടി ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കവേ സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെടുകയുണ്ടായി. ഒരു വർഷം കഴിഞ്ഞു. കഴിഞ്ഞ ഓഗസ്റ്റ് മാസത്തിലായിരുന്നു. ഒരു ദിവസം വീട്ടിൽ വിളിച്ച് പിറ്റേ ദിവസം വീട്ടിലേക്ക് വരും എന്നറിയിച്ച കുട്ടി അര മണിക്കൂറിനകം മരണപ്പെട്ടതായിട്ട് പിറ്റേ ദിവസം ഫോൺ വരികയാണ് ചെയ്തത്. ആക്സിഡന്റ് മരണമെന്നാണ് പറഞ്ഞത്. ബൈക്കിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പിന്നാലെ സഞ്ചരിച്ചു വന്നപ്പോൾ ആക്സിഡന്റിൽ മരിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ അത് ഏത് ബൈക്കാണെന്നോ ആ ബൈക്കിന്റെ മുന്നിലിരുന്ന് ഓടിച്ച താരാണെന്നോ ഏത് വണ്ടി തട്ടിയെന്നോ ഉള്ള ഒരു വിവരവും ഇല്ല. 24 മണിക്കൂറിനു ശേഷമാണ് വീട്ടുകാരെ അറിയിക്കുന്നത്. പഠിക്കാൻ സമർത്ഥനായതുകൊണ്ട് സ്കോളർഷിപ്പ് കിട്ടി പഠിച്ചു വന്നിരുന്ന കുട്ടിയാണ്. ആ സ്കോളർഷിപ്പ് കിട്ടുന്ന പണം ഭീഷണിപ്പെടുത്തി കുട്ടിയുടെ കയ്യിൽനിന്ന് വാങ്ങുന്നതായി പരാതി നൽകിയിരുന്നു. ഈ പരാതിയിൽപ്പെട്ടയാൾ പ്രിൻസിപ്പലിന്റെ ഒരു ബന്ധുവാണ്. അതുകൊണ്ട് തന്നെ കഴിഞ്ഞവർഷം മാതാപിതാക്കൾ വന്ന് കരഞ്ഞു പറഞ്ഞതിനെ തുടർന്ന് അന്വേഷണത്തിന് ഉത്തരവിട്ടതാണ്. തമിഴ്നാട്ടിൽനിന്ന് നീതിപൂർവ്വമായ അന്വേഷണം ലഭിക്കുമെന്ന് എനിക്ക് വിശ്വാസമില്ല. അതുകൊണ്ട് സി.ബി.ഐ അന്വേഷണം ഇക്കാര്യത്തിൽ ഏർപ്പെടുത്തണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് നീതി പൂർവ്വമായ അന്വേഷണമെങ്കിലും ഇക്കാര്യത്തിൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): തമിഴ്നാട്ടിൽ നടന്ന ഒരു കേസ് തമിഴ്നാട് ഗവൺമെന്റിന്റെ അനുവാദമില്ലാതെ സി.ബി.ഐ. എൻക്വയറിക്ക് ഓർഡർ ചെയ്യാൻ എനിക്ക് സാധിക്കില്ല. അതാണ് ഇക്കാര്യത്തിൽ നിലവിലുള്ള നിയമം. ബഹുമാനപ്പെട്ട മെമ്പറും മരണപ്പെട്ട കുട്ടിയുടെ കുടുബാംഗങ്ങളും എല്ലാം ആവശ്യപ്പെട്ടതനുസരിച്ച് കൊല്ലം ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം 248/2003 നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മൃതശരീരം വീണ്ടും പോസ്റ്റുമോർട്ടം പരിശോധന നടത്തിയിട്ടുള്ളതുമാകുന്നു. രാസപരിശോധനയുടെ ഫലം ലഭിച്ചാൽ മാത്രമേ മരണകാരണം കൃത്യമായി വ്യക്തമാകൂ. മരണപ്പെട്ട കുട്ടിയുടെ മാതാവ് ഹൈക്കോടതി മുൻപാകെ മകന്റെ മരണത്തിൽ സംശയം പ്രകടിപ്പിച്ച് നൽകിയ പരാതിയും മുഖ്യമന്ത്രിക്ക് നൽകിയ പരാതിയും കൂടുതൽ അന്വേഷണത്തിനും റിപ്പോർട്ടിനുമായി തമിഴ്നാട് ഡി.ജി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഗവൺമെന്റ് വീണ്ടും ഇക്കാര്യം അടിയന്തിരമായി അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് പോലീസിനോട് ആവശ്യപ്പെടുന്നതാണ്.

(7) കേരളത്തിലെ സഹകരണ ചിട്ടിസ്ഥാപനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: നിലവിലുള്ള നിയമംമൂലം കേരളത്തിലെ സഹകരണ ചിട്ടി സ്ഥാപനങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. കേരളത്തിൽ പതിനായിരത്തോളം സഹകരണ ചിട്ടി സ്ഥാപനങ്ങളുണ്ട്. എന്റെ നിയോജക മണ്ഡലമായ ഇരിങ്ങാലക്കുട ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ ഇന്ന് ആയിരത്തോളം ചിട്ടി സ്ഥാപനങ്ങളിലായി ഒരു ലക്ഷത്തോളം ജീവനക്കാർ അവരുടെ ഉപജീവനമാർഗ്ഗം നയിച്ചുകൊണ്ട് വരികയാണ്. നിലവിലുള്ള നിയമംമൂലം ചിട്ടി മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. കഴിഞ്ഞ വർഷം ഒറ്റ കുറിപോലും ഇറക്കുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. രൂക്ഷമായിട്ടുള്ള ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുറി ജീവനക്കാർ സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് ധർണ്ണ നടത്തുകയാണ്. സമ്പദ്മേഖലയെ ആകമാനം ബാധിക്കുന്ന, പ്രത്യേകിച്ച് തൃശ്ശൂർ മേഖല ഉൾപ്പെടുന്ന പ്രദേശത്തെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം മനസ്സിലാക്കി, എല്ലാ ചിട്ടി സ്ഥാപനങ്ങളും രോഗമായി പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly